# എന്തുകൊണ്ട് കാഫ്രർ?

സി. ജെ. തോമസ്

എന്തുകൊണ്ട് കാത്രൂർ?
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: View of Delft, a painting by Johannes Vermeer (1632–1675). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# എന്തുകൊണ്ട് കാരൂർ?



കാരൂർ

പ്രസിദ്ധനായ ഒരു കഥാകൃത്ത് എന്നോടൊരിക്കൽ ഉദ്വേഗത്തോടെ ചോദിച്ചു. കാരൂരിന്റെ കഥകളിലെന്താണ് വിശേഷിച്ചുള്ളതെന്ന്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കാരൂരിന്റെ കഥകളിൽ തറഞ്ഞുകേറുന്ന കാര്യങ്ങളൊന്നും തന്നെയില്ല. കുറെ വാദ്ധ്യാർകഥകൾ എഴുതിക്കൂട്ടിയിട്ടുണ്ടെന്നുമാത്രം. അതുവരെ കാരൂരിന്റെ കലയെപ്പറ്റി ഗാഢമായി ആലോചിക്കേണ്ട ഒരാവശ്യം തോന്നിയിരുന്നില്ല. വായിക്കും, രസിക്കും അത്രതന്നെ. പക്ഷേ, എനിക്കിഷ്ടമുള്ള ഒരു സാഹിത്യകാരനിൽനിന്ന് ഈ അഭിപ്രായം കേട്ടപ്പോൾ ഒരു പുനഃരാലോചന ആവശ്യമുണ്ടെന്നു തോന്നി. ഉള്ളടക്കത്തെ പരിശോധിക്കുന്നതിനു മുമ്പുതന്നെ പൊതുജനാഭിപ്രായം കൂടി അറിയാമെന്നു തീരുമാനിച്ച്, കാരൂരിന്റെ കഥയുടെ വില്പനയെപ്പറ്റി ചില പ്രസാധകന്മാരോട് ചോദിച്ചു. ഫലം പ്രതീക്ഷിച്ചതു തന്നെയായിരുന്നു. കാരൂർ ഒരു "ബെസ്റ്റ് സെല്ലർ" അല്ല. ആ പദവിയിൽ നിന്ന് വളരെ അകലെയാണ് അദ്ദേഹം നിലയുറപ്പിച്ചിരിക്കുന്നത്. എങ്കിലും എനിക്ക് ഭൂരിപക്ഷത്തോട് യോജിക്കാൻ കഴിവില്ലാതെ വന്നു. ഇതോടുകൂടി പ്രശ്നം കാരൂരിന്റെ കലയുടെ പ്രശ്നത്തിൽനിന്ന് കുറേക്കൂടി വ്യാപ്തിയുള്ള ഒന്നായിമാറി. അതായത്, കലാസ്വാദനവും ഇന്നത്തെ സമുദായഘടനയും. അങ്ങിനെയിരിക്കുമ്പോഴാണ് "അസ്ട്രോളജർ" എന്റെ കൈയിൽ കിട്ടിയത്; സംശയാവസ്ഥയിലിരുന്ന പല അനുമാനങ്ങളും ഇപ്പുസ്തകം വായിച്ചതോടുകൂടി സ്ഥിരീകരിക്കപ്പെട്ടു. അവയെന്താണെന്നു പറയുന്നതിനു പുസ്തകത്തിന്റെ ഉള്ളടക്കമൊന്നു പരിശോധിക്കുന്നത് സഹായകമായിരിക്കും.



ചാർലി ചാപ്ലിൻ

അതൊരു കഥാസമാഹാരമാണ്. അതിനു കൊടുത്തിരിക്കുന്ന പേരുതന്നെയാണ് ഏറ്റവും നല്ല വഴികാട്ടി. പേരുകൊണ്ട് ഒരു പുസ്തകത്തിന്റെ വില്പന തടയാമെങ്കിൽ അതിന് ഏറ്റവുമധികം കഴിവുള്ള ഒന്നാണ് "അസ്ട്രോളജർ." ഇംഗ്ലീഷറിയാൻ പാടില്ലാത്ത ഈ വാദ്ധ്യാർ എന്തിനാണ് "ജ്യോതിഷക്കാരൻ' എന്നോ 'ഗണകൻ' എന്നോ മറ്റോ പേരിടുന്നതിനുപകരം ഈ ഇംഗ്ലീഷുവാക്കിന്റെ പുറകെ പോയത്? പ്രത്യേകിച്ചും ആ പദം സുന്ദരമല്ലാതിരിക്കുമ്പോൾ! കാരണമുണ്ട്. അത് കാരൂരിന്റെ ട്രേഡ്മാർക്കാണ്. ആ പേരിടലിൽ തെളിഞ്ഞുകാണുന്ന സറ്റയർ ആണ് കാരൂരിന്റെ കലയിലെ ഏറ്റവും ഉൽകൃഷ്ടമായ അംശം. ഈ പുസ്തകത്തിലെ കഥകളെനോക്കാം. അസ്ട്രോളജറുടെ കഥയിൽ നാട്ടിൽ പണിയില്ലാതെ വന്ന ഒരു സാധുമനുഷ്യൻ മദിരാശിയിൽ ചെന്ന് "മലയാളി അസ്ട്രോളജർ" എന്നൊരു ബോർഡുവെച്ച് ജീവിക്കുന്നതാണ് ചിത്രീകരിച്ചിരിക്കുന്നത്. കഥയുടെ അവസാനത്തിൽ ആ ഗണിതക്കാരൻ അയാൾക്ക് വശമില്ലാത്ത ആ വിദ്യയുടെ ഗുണഗണങ്ങളെ പ്രകീർത്തിക്കുന്നതു കണ്ട് പലരും കാരൂരിനെ തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. "സ്നേഹിതാ, പലതരം ജീവിതവൈഷമ്യങ്ങളിൽ ഞെരുങ്ങുന്നവർക്ക് ഒരു നല്ല ഭാവിയിൽ ആശ ജനിപ്പിക്കുന്ന ഞങ്ങളാണ് വാസ്തവത്തിൽ ജനസമുദായത്തെ നിലനിർത്തുന്നത്" (പുറം 27). ഇതുകേട്ടാൽ തോന്നും അയാളും കഥാകൃത്തും സാധുമനുഷ്യരെ കബളിപ്പിച്ച് ജീവിക്കുന്ന ഏർപ്പാട് തൊഴിലില്ലാത്തവർക്ക് ഒരു പോംവഴിയായി ഉപദേശിക്കുന്നുവെന്ന്. പക്ഷേ, ശ്രീ. കാരൂരിന് വേണ്ടത് അതൊന്നുമല്ല. രണ്ടു പരമാർത്ഥങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഒന്നാമതായി ഇന്നത്തെ സമുദായഘടനയിൽ എല്ലുമുറിയെ പണിയെടുക്കാൻ കഴിവുള്ള അനേകായിരം ആളുകൾ തൊഴിൽകിട്ടാതെ ഉഴലുന്നുണ്ട്. രണ്ടാമത്, മര്യാദയ്ക്ക് ജോലിചെയ്യാൻ അവസരം കൊടുക്കാത്ത സമുദായം കളവിനും വഞ്ചനയ്ക്കും മാത്രമേ വിജയം കൊടുക്കുകയുള്ളു എന്ന് വിധിച്ചിരിക്കുന്നു! ചാർലി ചാപ്ലിന്റെ മൊസ്സ്യേ വെർദ്ദു എന്ന ചിത്രത്തിന്റെ ലക്ഷ്യം തന്നെയാണ് ഈ കഥയ്ക്കും ഉള്ളത്. അതു സാധിച്ചിരിക്കുന്നത് പരിപാവനമായ അദ്ധ്യാപകവൃത്തിയുടെ ദാരിദ്ര്യവും, തട്ടിപ്പ് എന്ന അപമാനകരമായ ഉദ്യോഗത്തിന്റെ മാന്യതയും ഒരുമിച്ചു കാണിച്ച്, അവ രണ്ടിനേയും ഏക കാലത്തിൽ ഉത്തേജിപ്പിച്ച് സമുദായഘടനയെപ്പറ്റി നമ്മിൽ പുച്ഛമുണ്ടാക്കി, നമ്മെക്കൊണ്ട് ചിരിപ്പിച്ചിടാണ്.




അല്പം വൈദഗ്ധ്യമുള്ള കണ്ണുകൾക്കുമാത്രമേ അതിന്റെ ഭംഗികാണാൻ കഴിവുണ്ടാകയുള്ളൂ. ഈ വിഷയം തന്നെ മറ്റുതരത്തിൽ പറഞ്ഞു കൂടെന്നില്ല. ജീവിക്കാൻ മാർഗ്ഗമില്ലാത്ത ഒരു ആലപ്പുഴക്കാരൻ ഒരു വാടകഗുണ്ടയായിത്തീർന്നു കൊലപാതകം ചെയ്യുന്നതും അതുകൊണ്ടു പണമുണ്ടാക്കുന്നതും എല്ലാം നല്ല കഥാവിഷയങ്ങളാണ്. അവയെല്ലാം സാധാരണ വായനക്കാരനെ കൂടുതൽ ആകർഷിക്കും. അത് കൂടുതൽ എളുപ്പത്തിൽ അവൻ മനസ്സിലാകും. ആ രീതിനല്ലതാണ്. പക്ഷേ, അതു കാരൂരിന്റെ ടെക്നിക്കല്ലെന്നുമാത്രം. വളർച്ചയെത്തിയ ഓരോ കലാകാരനും വ്യക്തിമുദ്രയുണ്ടായിരിക്കും. കാരൂരിന്റെ മുദ്ര ഈ ലഘുവായ ആക്ഷേപമാണ്. പട്ടിണിക്കാരനായ ഒരദ്ധ്യാപകൻ എട്ടു കുട്ടികളെ വെള്ളത്തിൽ മുക്കിക്കൊല്ലുന്നതായി കാരൂരിന് വിഭാവനം ചെയ്യാൻ കഴിവില്ല. എന്നാൽ, അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ ഒന്നാംക്ലാസ്സിലെ കുട്ടിയുടെ പൊതിച്ചോറ് കട്ടുതിന്നുന്നത് കാരൂർ കണ്ടുപിടിക്കും. കടുംചായം തേച്ച് ഭീകരചിത്രങ്ങൾ വരയ്ക്കാൻ മുതിർന്നാൽ അദ്ദേഹം പരാജയപ്പെടുമെന്ന് ഞാൻ ഇതിനുമുമ്പൊരിക്കൽ, മേൽവിലാസത്തിന്റെ നിരൂപണത്തിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ശാന്തപ്രകൃതിക്കും ആവേശരാഹിത്യത്തിനും പറ്റിയത് സുന്ദരകലാരീതിതന്നെയാണ്. ഈ ടെക്നിക്ക് തന്നെയാണ്, കുടുംബ ബഡ്ജറ്റ്, അയാളുടെ ഗ്രന്ഥങ്ങൾ, വഴിപോക്കൻ, എക്സ്ചേയ്ഞ്ച്, പപ്പുനായർ എന്നീ കഥകളിലും പ്രയോഗിച്ചിരിക്കുന്നത്. ഒരു അദ്ധ്യാപകനും (അയാൾ സഹകരണ സംഘം സെക്രട്ടറിയും കൂടിയാണേ!) അയാളുടെ ഭാര്യയും അമ്മയുംകൂടി പരിശ്രമിച്ചിട്ടും കുടുംബച്ചെലവിന്റെ കണക്കെടുക്കാൻ സാധിച്ചില്ലെന്നു പറയുന്നതു അതിശയോക്തിയൊന്നുമല്ല. മാർത്താണ്ഡത്തിനടുത്ത് ഒരു സാമ്പത്തികസർവെ നടത്തിയപ്പോൾ വരവിന്റെ പത്തിരട്ടി ചെലവുള്ള കുടുംബങ്ങളെ കണ്ടുകിട്ടിയിട്ടുണ്ട്. കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ, കടമൊന്നും ചേർക്കാതെതന്നെയാണ് ആ അധിക ചെലവ്! വരവിനത്തിൽനിന്ന് "പട്ടിണി"യെന്ന മുഖ്യമായ ഇനം വിട്ടുപോകുന്നുവെന്നതാണ് ഇതിലെ ശാസ്ത്രീയമായ തെറ്റ്. പക്ഷേ, ഇക്കഥ അറിഞ്ഞുകൂടാത്ത സാധാരണക്കാരൻ ഏതു കുടുംബത്തിന്റേയും ബഡ്ജറ്റ് (ഹോ! എന്ത് അന്തസ്സുള്ളപേര്) ഒരു വിരോധാഭാസമാണ്. മൂന്നുനാലു ബീഡിയും, ഭാര്യയും കരിന്തിരി കത്തുന്ന വിളക്കും, അമ്മയും എല്ലാം സഹകരിച്ചിട്ടും നാണുപിള്ള ഈ വിരോധാഭാസത്തിൽനിന്ന് മുക്തി നേടുന്നില്ല ആയുസ്സുണ്ടെങ്കിൽ ചാകാതെ കിടക്കുമെന്ന ഫിലോസഫിയിന്മേൽ ഔഷധമെന്ന ചെലവിനം നാണുപിള്ള വെട്ടിക്കുറച്ചു. പഞ്ചസാര കരിഞ്ചന്തയിൽ വിറ്റ് ബീഡി മേടിക്കാൻ വരവുമുണ്ടാക്കി. എന്നിട്ടും, ബഡ്ജറ്റ് ബാലൻസ് ചെയ്യുന്നില്ലത്രെ. റേഷൻ വാങ്ങാൻ തന്നെ ശമ്പളം തികയുന്നില്ല. അതായത് ജീവിക്കാൻ (എന്നുവെച്ചാൽ മരിക്കാതിരിക്കാൻ എന്നർത്ഥം) അത്യന്താപേക്ഷിതമെന്ന് ഭരണാധികാരികൾ തീരുമാനിച്ചുവെച്ച ഭക്ഷണത്തിന്റെ ഇരുപത്തഞ്ച് ശതമാനം വെട്ടിക്കുറയ്ക്കലും കഴിഞ്ഞുകിട്ടുന്നതു സർക്കാർ നിശ്ചയിച്ചവിലയ്ക്കു വാങ്ങാൻപോലും തികയാത്ത ശമ്പളമാണ് സർക്കാർ കൊടുക്കുന്നത്. ഇപ്പോഴത്തെ ഗവൺമെന്റിനെപ്പോലെ ഒരു മിച്ച ബഡ്ജറ്റുണ്ടാക്കിയതിനു കിട്ടാവുന്ന സമ്മാനംകൂടി കൂട്ടിനോക്കിയിട്ടും അത് സാധിക്കുന്നുമില്ല. ഈ കുഴഞ്ഞ പ്രശ്നത്തിൽനിന്ന് ഒരു മാർഗ്ഗം മാത്രമേ ഉണ്ടായിരുന്നുള്ളു. നാണുപിള്ള കല്ലുവെട്ടാൻപോയി.

തകർന്നുവീഴുന്ന ഫ്യൂഡലിസത്തിന്റെ ഒരു സാധാരണസൃഷ്ടിയാണ് പൂർവ്വികരുടെ പ്രതാപമോർത്ത് നെടുവീർപ്പിടുന്ന 'കൈമൾ'. വർത്തമാനകാലത്തെ യാഥാർത്ഥ്യങ്ങളെ കണ്ടുമനസ്സിലാക്കി ഭാവിയിലേയ്ക്ക് പോകാനുള്ളതിനുപകരം പണ്ടെങ്ങോ മണ്ണടിഞ്ഞുപോയ പ്രഭാവത്തിന്റെ പ്രേതത്തെ തപസ്സുചെയ്തു നശിക്കുന്ന മടിയന്മാർ ഇന്നത്തെ ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട രോഗമാണ് ആ വർഗ്ഗത്തിൽ പെട്ട ആരോ ആണ് മരിച്ചിട്ട് സഹസ്രാബ്ദങ്ങൾ കഴിഞ്ഞു സംസ്കൃതത്തെ ദേശീയ ഭാഷയാക്കണമെന്നു വാദിച്ചത്. ആ വർഗ്ഗത്തിന്റെ നേതാവായിരുന്ന പഴയ റോമാസാമ്രാജ്യത്തെ ഉദ്ധരിക്കാൻ ശ്രമിച്ച മുസ്സോളിനി.

നാഥുറാം വിനായക് ഗോഡ്സേയും ഇനം അതുതന്നെ. ഈ ഇനത്തെ കാരൂർ 'അയാളുടെ ഗ്രന്ഥങ്ങൾ' എന്ന കഥയിൽ കണക്കിനു കളിയാക്കിയിട്ടുണ്ട്. കൈമളുടെ പൂർവ്വികനെ സേനാനായകനാക്കിയ രാജകല്പന അയാളുടെ കൈവശമുണ്ട്. പക്ഷേ, അതു കൊടുത്താൽ ഒരു കടുംചായപോലും കിട്ടുകയില്ല. അതുകൊണ്ടു തന്നെയാണ് ആ പാവപ്പെട്ട സ്ത്രീ ഒന്നു മൂളകപോലും ചെയ്യാതിരുന്നത്. കണ്ണാടിയിൽ നോക്കുന്ന മിക്ക ചെറുപ്പക്കാരകും (ചില തൈക്കിഴവന്മാർക്കും) കാരൂരിന്റെ 'വഴിപോക്കൻ' പരിചിതനായിരിക്കാം. ഇത്തരം സുന്ദരവിഡ്ഢികൾ സാധാരണയായി ഒളിച്ചാണ് നടക്കുന്നത് ഹിന്ദി, ഖദർ, സാഹിത്യം മുതലായ അലങ്കാരങ്ങളോടുകൂടി വരുമ്പോൾ മാത്രമേ അവർ യൂണിഫാറധാരികളാകാറുള്ളൂ. അവർ ഒരു ബോറുതന്നെയാണ് സംശയമില്ല. പക്ഷേ, ആ ശിക്ഷ അല്പം അതിരുകടന്നുപോയി. വലമണിക്കു വലിയ ഭാരമാണ്. ചൂലിന് കനക്കുറവുണ്ടല്ലോ.

പൂരുരുട്ടാതി നാളിൽ പിറന്ന അഞ്ചൽമാൻ അച്ചുതൻപിള്ളയുടെ ഭാര്യ ആണ്ടുതോറും പ്രസവിക്കുകയാണ്. ആശാരിപ്പണിക്കനു സന്താനമില്ലാത്ത ദുഃഖമാണ്. ഈ പ്രശ്നത്തിന് എക്സ്ചേഞ്ചല്ലാതെ മാർഗ്ഗമൊന്നുമില്ല. ഇന്നത്തെ വിവാഹസമ്പ്രദായത്തെപ്പറ്റിയോ കുടുംബബന്ധങ്ങളെപ്പറ്റിയോ ഗർഭനിരോധനത്തെപ്പറ്റിയോ ഒന്നും ശ്രീ. കാരൂർ പറയുന്നില്ല. നമ്മെ ഒന്നു ചിരിപ്പിച്ചു അത്രമാത്രം. പക്ഷേ, ഇനി സി. ഇ. എം. ജോസിന്റെ 'സദാചാരത്തിന്റെ ഭാവി' എന്ന പുസ്തകം ഒന്നു വായിച്ചുനോക്കുക. ഇതിനോട് ബന്ധമുള്ള പലതും കാണാം.

ഫാക്ടറികൾ ചവച്ചുതുപ്പുന്ന ചണ്ടികളുണ്ട്—ആരോഗ്യം നശിച്ച തൊഴിലാളികൾ. ധനികഗൃഹങ്ങളിൽനിന്നും ബഹിഷ്കരിക്കപ്പെടുന്ന ഭൃത്യവർഗ്ഗവും ഇക്കൂട്ടത്തിൽതന്നെപെട്ടതാണ്. അതിലൊന്നാണ് കാരൂരിന്റെ 'വൃദ്ധൻ.' വിഷയം നല്ലതാണെങ്കിലും ഇക്കഥയ്ക്കു വേണ്ടത്ര ശക്തിയില്ല. 'ഭർത്താവ്' എന്നത് ഒരു ഉദ്യോഗപ്പേരാണ്, 'കൂട്ടിരുപ്പ്' എന്നെല്ലാം ഫ്യൂഡൽ ഭാഷയിൽ പറയുന്നതുപോലെ കൗസല്യയ്ക്കു കയറ്റപിരിക്കാൻ വേണ്ട തൊണ്ടു വാങ്ങിച്ചു കൊണ്ടുവരാൻപോലും ഈ ഇത്തിക്കണ്ണി പ്രയോജനപ്പെടുന്നില്ല. മാധവനെ സ്വതന്ത്രത്തൊഴിലാളി യൂണിയനിലോ സമാധാന സംരക്ഷകസംഘത്തിലോ ചേർക്കാം.



തകഴി

ഈ സമാഹാരത്തിൽ ഏറ്റവും അഗാധമായ ഒരു മനഃശാസ്ത്രപ്രശ്നം പ്രതിപാദിക്കുന്നതു 'വഞ്ചന' എന്ന കഥയിലാണ്. ഭൃത്യയെങ്കിലും നങ്ങുവമ്മ വളർത്തമ്മയാണ്. ചന്ദ്രമോഹനനെ ആ വൃദ്ധ പുത്രനിർവ്വിശേഷമായി സ്നേഹിക്കുന്നുണ്ട്. ശുദ്ധഹൃദയനായ ആ പടുവങ്കനാകട്ടെ, ആ സ്നേഹത്തിന്റെ സ്വഭാവം മനസ്സിലാക്കുന്നില്ല. അവൻ ഭാര്യയുടെ അടിമയായിരിക്കുന്നു. ജാരസമാഗമത്തിനു പ്രതിബന്ധമായ ആ വൃദ്ധയെ അവിടെനിന്നു നിഷ്കാസനം ചെയ്യാൻ ചന്ദ്രമോഹനൻ ഒരു ഉപകരണമായിത്തീരുന്നു. ഇക്കഥകൊണ്ട് ആ യുവതിയുടെ ചീത്തസ്വഭാവത്തെയോ ചന്ദ്രമോഹനന്റെ അടിമത്തത്തെയോ ഊന്നിപ്പറയണമെന്നു കാരൂർ വിചാരിച്ചിട്ടുണ്ടായിരിക്കയില്ല. ആ വൃദ്ധയുടെ സ്നേഹത്തെയാണ് പ്രധാനമായി കഥാകൃത്ത് ഉദ്ദേശിച്ചിട്ടുള്ളതെന്നുതോന്നുന്നു. ശ്രീ. തകഴി ഒരിക്കൽ പറഞ്ഞു, അമ്മയും മക്കളും തമ്മിലുള്ള ബന്ധമാണ് മനുഷ്യ സമുദായത്തിലെ അടിസ്ഥാനബന്ധം. ഭാര്യാഭർത്തൃബന്ധമല്ല എന്ന്. രണ്ടാമത്തേത് അഗാധമല്ല; ഒരു പ്രത്യേക സാമൂഹ്യഘടനയിലെ ചടങ്ങാണ്; അതുണ്ടായിട്ടു കാലം കുറച്ചേ ആയിട്ടുള്ളു; കുറേക്കൂടി കഴിഞ്ഞാൽ നശിക്കുകയും ചെയ്യും. ആദ്യത്തേതാകട്ടെ, ജീവശാസ്ത്രത്തിൽ അടിസ്ഥാനമുറപ്പിച്ചിരിക്കുന്നു. അതാണ് നീണ്ടുനീണ്ടുപോകുന്ന മനുഷ്യവർഗ്ഗച്ചങ്ങലയുടെ കണ്ണി. ഈ അഭിപ്രായങ്ങളോട് നാം യോജിച്ചാലും വിയോജിച്ചാലും നങ്ങുവമ്മ യോജിക്കാതിരിക്കയില്ല.

ഈ കഥകളിലെല്ലാം പൊതുവേ കാണുന്ന സ്വഭാവം അവയുടെ സാധാരണത്വമാണ്. ഒരു വലിയ ജനക്കൂട്ടത്തിൽ നാം ആദ്യമായി കാണുന്നതു പ്രത്യേകമായി എന്തെങ്കിലും വിശേഷങ്ങൾ ഉള്ളവരെയാണ്. ചുവന്ന വസ്ത്രമുള്ളവരെയോ ഏഴടിപൊക്കമുള്ളവരെയോ കാണാതിരിക്കുക സാധ്യമല്ല. പക്ഷേ, ഒരു ഉത്തമകലാകാരനു സാധാരണമനുഷ്യന്റെ ദൈനംദിനജീവിതത്തിൽ രസകരമായ ഒട്ടനവധി സന്ദർഭങ്ങൾ കാണാൻ കഴിയും. പക്ഷേ, അവയെ ചിത്രപ്പെടുത്തിയാൽ സാധാരണക്കാരനു രസിക്കാൻ കഴിയുകയില്ല. തെറ്റ് കലാകാരന്റേതല്ല: ആസ്വാദകന്റേതാണ്. സാധാരണക്കാരന്റെ കലാസ്വാദനശക്തിയെ അധിക്ഷേപിച്ചാൽ ചില പുരോഗമനവാദികൾ ശുണ്ഠിയെടുക്കും. ഇന്നത്തെ സമുദായഘടനാരീതി മനുഷ്യരെ ദാരിദ്ര്യത്തിലേക്കു മാത്രമല്ല വലിച്ചിഴക്കുന്നത്. സാംസ്കാരികാധഃപതനത്തിലേക്കുകൂടിയാണെന്ന് മനസ്സിലാക്കാത്ത ശുദ്ധാത്മാക്കളാണവർ. പുരോഗമനവാദികൾ ആശിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ എൻ.എസ്.കൃഷ്ണന്റെ ഗോഷ്ടികളും വിക്രമാദിത്യയൻ കഥയും മറ്റുമാണ് ആസ്വദിക്കപ്പെടുന്നതെങ്കിൽ ആ വ്യവസ്ഥ അത്ര അഭികാമ്യമൊന്നുമല്ല. മറ്റു കഥാകൃത്തുകളുടെ കലാവിദ്യ കാരൂരിനെ അപേക്ഷിച്ചു. താഴ്ന്നതാണെന്ന് ഇതിനർത്ഥമില്ല. കാരൂരിന്റെ കഥകൾക്ക് ആസ്വാദകന്മാർ കുറയുകയെന്നത് അദ്ദേഹത്തിനൊരു പോരായ്മയല്ലെന്നുമാത്രം. ഗണിച്ചാൽ മതി. എങ്കിലും ഒന്നു പറയാതെ ഗത്യന്തരമില്ല. ഇംഗ്ലീഷ് മാതൃകയിലുള്ള 'ചെറുകഥ' എന്ന പ്രത്യേകകലാ രൂപത്തിൽ ഏറ്റവും അധികം വൈദഗ്ധ്യമുള്ള മലയാള സാഹിത്യകാരൻ കാരൂരാണ്.

ശ്രീ. കാരൂരിനെ സംബന്ധിച്ചിടത്തോളം, എഴുതിയതിനെപ്പറ്റിമാത്രം പറഞ്ഞതുകൊണ്ടായില്ല. എഴുതാത്തതിനെപറ്റിയും ചിലതു പറയാനുണ്ട്. ജീവിതത്തിന്റെ ചില വശങ്ങൾ കാരൂർ വിട്ടുപോകുന്നതു യാദൃച്ഛികമായിട്ടാണെന്ന് എനിക്കു തോന്നുന്നില്ല. അദ്ദേഹത്തിന്റെ ചുറ്റും നടക്കുന്ന സംഭവങ്ങൾ അദ്ദേഹം കാണാതിരിക്കുകയില്ല. ഏതു ചേരിയിലാണെന്ന് ചോദ്യവും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ് (മറ്റു പുരോഗമനസാഹിത്യകാരന്മാരെപ്പോലെ). പിന്നെയെന്താണ് അദ്ദേഹത്തിന്റെ നാട്ടിലെ ധീരസമരങ്ങൾ കഥകളിൽ പ്രതിഫലിക്കാത്തത്. തീർച്ചയായും ഇന്നത്തെ ഗവണ്മെന്റുകളുടെ സ്വഭാവം അദ്ദേഹത്തെയും പേടിപ്പെടുത്തുന്നുണ്ടായിരിക്കാം. രക്തം കുടിച്ചു ജീവിക്കുന്ന ഒരു വർഗ്ഗം, പത്രങ്ങളും പ്രസാധകത്വവും കയ്യടക്കിയിരിക്കുന്ന കാലത്ത് ഒരു കലാകാരൻ അല്പം ഭയന്നുപോകുന്നത് അത്ഭുതാവഹമല്ല, അതൊരു മഹാപാതകവുമല്ല. എങ്കിലും, കുറെയൊക്കെ ചെയ്യാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. ഈ കുറവ് അദ്ദേഹത്തിന്റെ കൃതികളുടെ പ്രചാരത്തേയും ബാധിക്കുന്നുണ്ട്. ജനത ഒരു ജീവൻമരണസമരത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ആ സമരത്തെ പ്രതിഫലിപ്പിക്കുന്ന കല മാത്രമേ അവർക്കു രസിക്കാൻ കഴിയൂ. അത് അവരുടെ അവകാശമാണ്. അവരുടെ ധൈര്യത്തിനു പോഷണം നല്കുന്ന കല സൃഷ്ടിക്കേണ്ടത് കലാകാരന്റെ കർത്തവ്യമാണ്. കലാസൃഷ്ടിക്കുള്ള സ്വാതന്ത്ര്യവും കലാകാരന്റെ ചോറും ഉണ്ടാക്കുന്നതു സാധാരണക്കാരന്റെ പ്രയത്നത്തിൽനിന്നാണ് ശ്രീ. കാരൂർ അതു മനസ്സിലാക്കുന്നുണ്ട്. പക്ഷേ, എന്തോ ഒരു അവശതാബോധം അദ്ദേഹത്തെ തടയുകയാണ്, ഇതാണ് കാരൂരിന്റെ കഥകളുടെ ബലഹീനവശം.

വിലയിരുത്തൽ 1951.

□

# സി. ജെ. തോമസ്

മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014